**ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറുടെ നടപടി ഉത്തരവ്**

**പുറപ്പെടുവിക്കുന്നത് : കെ.പി.ശ്രീകുമാർ**

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാർക്ക് ഫെയർകോപ്പി സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകികൊണ്ടും ഫെയർകോപ്പി സൂപ്രണ്ടിനെ സ്ഥലംമാറ്റിക്കൊണ്ടും പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:

1. ഭരണവിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 21.02.2010-ലെ ഇ2-5510/2010 നമ്പർ ഉത്തരവ്.
2. കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06.11.2013-ലെ 63/13 നമ്പർ സേവന ഉത്തരവ്.
3. ശ്രീമതി മറിയാമ്മ തോമസ് ഫെയർകോപ്പി സൂപ്രണ്ട് 18.07.2013-ന് സമർപ്പിച്ച അപേക്ഷ.

**ഉത്തരവ് നമ്പർ ഇ2-5140/2010(3) തീയതി: 08.11.2013**

വനംവകുപ്പിൽ കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ഫെയർകോപ്പി സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കെ.മൂസാൻകുട്ടി 31.10.2013-ന് വിരമിച്ചതിനെ തുടർന്നും, കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ഫെയർകോപ്പി സൂപ്രണ്ട് ശ്രീമതി സി.വി.ശശികല 30.11.2013-ന് സേവനത്തിൽ നിന്നും വിരമിക്കുന്നതിന് മുന്നോടിയായി 01.10.2013 മുതൽ 30.11.2013 വരെ അവധിയിൽ പ്രവേശിച്ചതിനെ തുടർന്നും ഫെയർകോപ്പി സൂപ്രണ്ടുമാരുടെ രണ്ട് ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ 24 ശ്രീമതി മറിയാമ്മ തോമസ് വരെയുള്ള സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാർക്ക് ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ക്രമനമ്പർ 25 ശ്രീമതി ടി.ആർ.ശോഭന 01.09.2013 മുതൽ 31.08.2014 വരെ ഒരു വർഷ കാലയളവിലുണ്ടാകുന്ന സ്ഥാനക്കയറ്റങ്ങളിൽ നിന്നും താത്കാലികമായി വിട്ടൊഴിയുന്നതിനുള്ള അപേക്ഷ 20.08.2013-ൽ സമർപ്പിച്ചിട്ടുണ്ട്. ആയത് അനുവദിച്ചിട്ടുണ്ട്. ക്രമനമ്പർ 26 ശ്രീ.സി.കെ.മോഹൻ നിലവിൽ വനംവകുപ്പിൽ ജോലിനോക്കുന്നതായി കാണുന്നില്ല എന്ന് സ്പാർക്ക് കോ-ഓഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ സൂചന (1) പ്രകാരമുള്ള

താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ടിയാന്റെ പേര് നീക്കം ചെയ്ത് 01.01.2014 പ്രാബല്യത്തിൽ പുതിയ താൽക്കാലിക ലിസ്റ്റ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ക്രമനമ്പർ 27 ശ്രീമതി എ.ലൈലാബീവി 31.10.2012-ൽ സേവനത്തിൽ നിന്നും വിരമിച്ചു. ആയതിനാൽ താഴെ പറയുന്ന സീനിയറായ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാർ ഫെയർകോപ്പി സൂപ്രണ്ടായുള്ള സ്ഥാനക്കയറ്റത്തിന് അർഹത നേടിയിട്ടുണ്ട്.

| ക്രമ നമ്പർ | താൽക്കാലിക സീനിയോറിറ്റി നമ്പർ | പേര് | നിലവിൽ ജോലി നോക്കുന്ന ഓഫീസ് |
|---|---|---|---|
| 1. | 28 | ശ്രീമതി എൻ.ആഷാകുമാരി | കാസർഗോഡ് ഡിവിഷൻ |
| 2. | 29 | ശ്രീമതി വി.സുമിത്ര | സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കൊല്ലം |

മേൽ സാഹചര്യത്തിൽ ശ്രീമതി എൻ.ആഷാകുമാരി, ശ്രീമതി വി.സുമിത്ര എന്നീ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരെ 16180-29180 രൂപ ശമ്പളസ്കെയിലിൽ ഫെയർകോപ്പി സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകിക്കൊണ്ടും ചുവടെ പറയും പ്രകാരം ഫെയർകോപ്പി സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റവും നിയമനവും നൽകിക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്/ഓഫീസ് | സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം | സ്ഥാനക്കയറ്റം/സ്ഥലംമാറ്റം മുഖേന നിയമിക്കപ്പെടുന്ന ഓഫീസ് |
|---|---|---|---|
| 1. | ശ്രീമതി എൻ.ആഷാകുമാരി, സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റ്, കാസർഗോഡ് ഡിവിഷൻ | സ്ഥാനക്കയറ്റം | നോർത്തേൺ സർക്കിൾ, കണ്ണൂർ |
| 2. | ശ്രീമതി വി.സുമിത്ര, സെലക്ഷൻഗ്രേഡ് ടൈപ്പിസ്റ്റ്, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കൊല്ലം | സ്ഥാനക്കയറ്റം | ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം, ഫെയർകോപ്പി സെക്ഷൻ |
| 3. | ശ്രീമതി മറിയാമ്മ തോമസ്, ഫെയർകോപ്പി സൂപ്രണ്ട്, ഫെയർകോപ്പി സെക്ഷൻ, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം | സ്ഥലംമാറ്റം | ഹൈറേഞ്ച് സർക്കിൾ, കോട്ടയം |

ഈ ഉത്തരവു പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചവർക്ക് മേൽ വിവരിച്ച ശമ്പളസ്കെയിലിൽ സമയബന്ധിച്ച ഹയർഗ്രേഡ് ലഭിച്ചിട്ടുണ്ടെങ്കിൽ സ്ഥാനക്കയറ്റത്തെ തുടർന്നുള്ള ശമ്പളനിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ശ്രീമതി മറിയാമ്മ തോമസിന്റെ സ്ഥലംമാറ്റം ടിയാളുടെ അപേക്ഷ പ്രകാരം ആയതിനാൽ ചേരുംകാലത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ചട്ടപ്രകാരമുള്ള യാത്രപ്പടിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ

**പകർപ്പ്:**

1. വ്യക്തികൾക്ക് (മേലധികാരികൾ മുഖേന)
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്), ഹൈറേഞ്ച് സർക്കിൾ, കോട്ടയം
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ), കണ്ണൂർ
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കാസർഗോഡ്
5. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കൊല്ലം
6. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-യുടെ സി.എ-യ്ക്ക്.
7. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്)-യുടെ പി.എ-യ്ക്ക്.
8. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ പി.എ-യ്ക്ക്.
9. ഫോറസ്റ്റ് വെബ്സൈറ്റിലേക്ക്.
10. സ്റ്റോക്ക് / സ്പെയർ കോപ്പി.

OFFICE OF THE ADDL. PRL. CHIEF CONSERVATOR OF FORESTS (ADMIN) KERALA